# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 696 02/12/2014-ൽ മറുപടിക്ക്

### അട്ടപ്പാടിയിലെ നവജാതശിശുക്കളുടെ മരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എം. ചന്ദ്രൻ : | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | അട്ടപ്പാടിയിൽ കഴിഞ്ഞ വർഷം ഡിസംബർ മാസം വരെ എത്ര നവജാത ശിശുക്കളാണ് മരിച്ചിട്ടുള്ളത് ; | (എ) | 31 നവജാതശിശുക്കൾ മരണപ്പെട്ടിട്ടുണ്ട്. |
| (ബി) | 2014 ജനുവരി മുതൽ നവംബർ മാസം വരെ എത്ര നവജാതശിശുക്കളാണ് മരിച്ചിട്ടുള്ളത്; | (ബി) | 13 നവജാതശിശുക്കൾ മരണപ്പെട്ടിട്ടുണ്ട്. |
| (സി) | മരിച്ച കുട്ടികളുടെ കുടുംബത്തിന് ഏതെങ്കിലും തരത്തിലുള്ള സാമ്പത്തിക സഹായം നൽകിയിട്ടുണ്ടോ; | (സി) | പ്രത്യേകമായി സാമ്പത്തിക സഹായം അനുവദിച്ചിട്ടില്ല. |
| (ഡി) | ഭാവിയിൽ ഇത്തരത്തിലുള്ള മരണങ്ങൾ ഒഴിവാക്കുവാൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (ഡി) | ആദിവാസി മേഖലയിൽ പട്ടികവർഗ്ഗ സ്ത്രീകൾക്കും കുട്ടികൾക്കും പോഷകകുറവ് ഉൾപ്പെടെയുള്ള ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വിവിധ പദ്ധതികൾ സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. ഗുരുതരമായ പോഷകകുറവുള്ള കുട്ടികളെ പരിചരിക്കുന്നതിന് റീഹാബിലിറ്റേഷൻ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. ആരോഗ്യവകുപ്പ് മുഖേന വിവാഹിതരായ സ്ത്രീകൾക്ക് അയൺ ഫോളിക് ആസിഡ് ഗുളികകൾ വിതരണം ചെയ്യുന്നു. സാമൂഹ്യനീതിവകുപ്പിൻെറ സമൂഹ അടുക്കള പദ്ധതി നടപ്പാക്കിവരികയും, അമൃതം ന്യൂട്രിമിക്സ് എന്നിവയും വിതരണം ചെയ്യുന്നുണ്ട്. ഗർഭിണികളായ സ്ത്രീകൾക്കും മുലയൂട്ടുന്ന അമ്മമാർക്കും പ്രതിമാസം 1000/- രൂപ വീതം ധനസഹായം അനുവദിക്കുന്ന ജനനീ ജന്മരക്ഷ പദ്ധതി നടപ്പാക്കിവരുന്നു. ടി തുക മണിഓർഡർ ആയി ഗുണഭോക്താക്കളുടെ കൈകളിൽ എത്തിക്കുന്നു. |

**സെക്ഷൻ ഓഫീസർ**